# തൃശ്ശിവപേരൂർ പൂരം പരിപാടികൾ

## പാറമേക്കാവ് വിഭാഗം

### 30-04-2025 ബുധനാഴ്ച
### കൊടിയേറ്റം

ഉച്ചയ്ക്ക് 12ന് വലിയ പാണി ആരംഭിച്ച് ഉച്ചയ്ക്ക് 12.30ന് തൃശ്ശൂർ പൂരം കൊടിയേറ്റം. ശ്രീ വടക്കുംന്നാഥക്ഷേത്രത്തിലേക്ക് കിഴക്കൂട്ട് അനിയൻമാരാരുടെ നേതൃത്വത്തിൽ പാണ്ടിമേള ത്തോടെ അഞ്ച് ആനകളോടെ എഴുന്നള്ളത്ത്. ക്ഷേത്രത്തിലെ പാലമരത്തിലും മണികണ്ഠ നാലിലും കൊടി ഉയർത്തൽ. ചന്ദ്രപുഷ്ക്കരണി തീർത്ഥക്കുളത്തിൽ ആറാട്ട്, വെടിക്കെട്ട്. വൈകീട്ട് ദീപാരാധനയ്ക്കു ശേഷം നവകം, നിവേദ്യം, അത്താഴപൂജ, ശ്രീഭൂതബലി.

### 01-05-2025 വ്യാഴാഴ്ച - രണ്ടാം ദിവസം

രാവിലെ 6.30ന് ക്ഷേത്ര തീർത്ഥക്കുളത്തിൽ ആറാട്ട്, നവകം, നിവേദ്യം, ഉച്ചപൂജ, ശ്രീഭൂതബലി തുടർന്ന് ഭഗവതി ദേശങ്ങളിൽ സഞ്ചരിച്ച് ഭക്തജനങ്ങൾ സമർപ്പിക്കുന്ന പറ സ്വീകരിക്കുന്നു. കൂർക്കഞ്ചേരി കുറുപ്പാൾ കളരിയിലും തുടർന്ന് കണ്ണംകുളങ്ങര, കണിമംഗലം, വടൂക്കര പ്രദേശങ്ങളിലും, കോശ്ശേരി മനയ്ക്കലും ഇരവിമംഗലത്ത് മനകളിലും ഇറക്കിപൂജ ആയതിനുശേഷം ഭഗവതി വൈകുന്നേരം ക്ഷേത്രത്തിൽ തിരിച്ചെത്തുന്നു.

### 02-05-2025 വെള്ളിയാഴ്ച - മൂന്നാം ദിവസം

രാവിലെ 6.30ന് ക്ഷേത്ര തീർത്ഥക്കുളത്തിൽ ആറാട്ട്, നവകം, നിവേദ്യം, ഉച്ചപൂജ, ശ്രീഭൂതബലി തുടർന്ന് കീരംകുളങ്ങര, കിഴക്കുംപാട്ടുകര, നെല്ലങ്കര, ഒല്ലൂക്കര, മുക്കാട്ടുകര, നെട്ടിശ്ശേരി പ്രദേശങ്ങളിൽ പറയെടുപ്പ്. പാറക്കുന്നത്ത് മന, ഇടശ്ശേരി മന, തൈക്കാട്ട് മൂസ് (എസ്.എൻ.എ.), വേണാട് മന എന്നിവിടങ്ങളിൽ ഇറക്കി പൂജ. രാത്രി മുക്കാട്ടുകര ശ്രീ മഹാവിഷ്ണു ക്ഷേത്രത്തിൽ ഭഗവതിയുടെ പള്ളിയുറക്കം.

### 03-05-2025 ശനിയാഴ്ച - നാലാം ദിവസം
### ചേറ്റുപുഴ ഇറക്കം

രാവിലെ 6.30ന് മുക്കാട്ടുകര ശ്രീ മഹാവിഷ്ണു ക്ഷേത്രത്തിലെ തീർത്ഥക്കുളത്തിൽ ആറാട്ട്. തുടർന്ന് മുക്കാട്ടുകര, വില്ലടം, കുറ്റുമുക്ക്, ചേറൂർ, പെരിങ്ങാവ്, എന്നീ പ്രദേശങ്ങളിൽ പറകൾ സ്വീകരിച്ച് ഏറന്നൂർ മന, പാലക്കാട്ട് മന എന്നിവിടങ്ങളിൽ ഇറക്കിപൂജക്ക് ശേഷം ഭഗവതി ഉച്ചയോടെ ക്ഷേത്രത്തിൽ തിരിച്ചെഴുന്നെള്ളുന്നു. വൈകീട്ട് ദീപാരാധന, നവകം, നിവേദ്യം, അത്താഴപൂജ, ശ്രീഭൂതബലി ശേഷം, രാത്രി 8 മണിക്ക് ക്ഷേത്രത്തിൽ നിന്നും ഭഗവതി പ്രസിദ്ധമായ ചേറ്റുപുഴ ഇറക്കത്തിനായി വടക്കുന്നാഥന്റെ കിഴക്കേ ഗോപുരം വഴി ക്ഷേത്രത്തിൽ പ്രവേശിച്ച്, ഭഗവാനെ വണങ്ങിയതിനുശേഷം പടിഞ്ഞാറെ ഗോപുരത്തിലൂടെ പുറത്തേക്ക് എഴുന്നള്ളുന്നു. പടിഞ്ഞാറെ ഗോപുരത്തിൽ **പാണ്ടിമേളം**, ശേഷം എം.ജി. റോഡ് വഴി തൃക്കുമാരംകുടം ശ്രീസുബ്രഹ്മണ്യ ക്ഷേത്ര ത്തിൽ പള്ളിയുറക്കം.

### 04-05-2025 ഞായറാഴ്ച - അഞ്ചാം ദിവസം
### കോവിലകത്തു പൂരം, ആനച്ചമയ പ്രദർശനം, സാമ്പിൾ വെടിക്കെട്ട്

രാവിലെ 6.30ന് തൃക്കുമാരംകുടം ക്ഷേത്രക്കുളത്തിൽ ആറാട്ട്. തുടർന്ന് തൃക്കുമാരംകുടം ക്ഷേത്രത്തിൽ നിന്നും ആദ്യത്തെ പറ സ്വീകരിക്കുന്നു. ക്ഷേത്രപരിസരം, അയ്യന്തോൾ കാർത്ത്യായനി ക്ഷേത്രപരിസരം, പുതൂർക്കര, പുല്ലഴി, ചേറ്റുപുഴ, കാര്യാട്ടുകര, ലാലൂർ പൂത്തോൾ

# പാറമേക്കാവ് പൂരം

പൂരം കൊടിയേറ്റത്തിന് ശേഷം ഭഗവതി നേരിട്ട് എല്ലാ ദേശങ്ങളിലും എഴുന്നള്ളി ദോഷങ്ങളെയും ദുരിതങ്ങളെയും അകറ്റി ഭക്തജനങ്ങൾക്ക് അഭീഷ്ടങ്ങൾ നൽകി അനുഗ്രഹിക്കുന്നു എന്നാണ് സങ്കൽപ്പം. കൊടിയേറ്റം മുതൽ കൊടിയിറങ്ങുന്നതുവരെ എല്ലാ ദിവസവും ക്ഷേത്രത്തിലെ കൊടിമരച്ചുവട്ടിൽ ഭഗവതിക്ക് പറ സമർപ്പിക്കുവാൻ പ്രത്യേക സൗകര്യം ഉണ്ടായിരിക്കും. പൂര ദിവസം വളരെ പ്രധാനമാണ്. നെല്ല്, അവിൽ, മലർ, ശർക്കര, മഞ്ഞൾ, പഞ്ചസാര, കൽക്കണ്ടം, പഴം, പുഷ്പം, കുരുമുളക് തുടങ്ങിയ ദ്രവ്യങ്ങൾകൊണ്ട് പറ സമർപ്പിക്കാവുന്നതാണ്. കൊടിമരം കവുങ്ങു കൊണ്ടാണു നിർമ്മിക്കുന്നത്. ആയതിൽ ആല്, മാവ്, എന്നിവയുടെ ഇലകളും ദർഭപുല്ലും കെട്ടി അലങ്കരിച്ച് സിംഹചിഹ്നമുള്ള ബഹുവർണ്ണകൊടിക്കൂറ അതിൽ കെട്ടുന്നു. കൊടിയേറ്റത്തിന് വലിയപാണിയാണ്. ഭഗവതിയെ പുറത്തേക്ക് എഴുന്നള്ളിച്ച ശേഷം കവുങ്ങിൻ കൊടിമരം ദേശക്കാർ ഉയർത്തുന്നതോടെ പൂരത്തിനു തുടക്കമായി. ക്ഷേത്രത്തിലെ പാലമരത്തിലും മണികണ്ഠനാൽ തറയിലെ അരയാലിന്റെ മുകളിലും സിംഹചിഹ്നമുള്ള മഞ്ഞക്കൊടികളാണ് ഉയർത്തുന്നത്.

കൊടിയേറ്റത്തിനു മുന്നോടിയായി തലേന്ന് ക്ഷേത്രം തന്ത്രിയുടേയും മേൽശാന്തിയുടേയും കാർമികത്വത്തിൽ ശുദ്ധിക്രിയകളും പ്രത്യേക ഹോമങ്ങളും നടത്തുന്നുണ്ട്. വിഘ്നങ്ങൾ നീങ്ങി മംഗളകരമായി പൂരം നടക്കുവാനും ക്ഷേത്രത്തിനും ഭക്തജനങ്ങൾക്കും അഭിവൃദ്ധിയും അഭീഷ്ടങ്ങളും രക്ഷയും ഉദ്ദേശിച്ചാണ് താന്ത്രിക ചടങ്ങുകൾ ചെയ്യുന്നത്.

ദിവസവും നടക്കുന്ന ആറാട്ടുചടങ്ങുകൾക്ക് ക്ഷേത്രം തന്ത്രിമാർ കാർമികത്വം വഹിക്കുന്നു. ആറാട്ടുകടവിൽ തന്ത്രി പൂജ, മഞ്ഞൾപ്പൊടി കൊണ്ട് അഭിഷേകം, മലർ നിവേദ്യം, പൂജ എന്നിവ പ്രത്യേകമായി ഉണ്ട്.

കൊടിയിറക്ക് ദിവസം ഭഗവതി പടിഞ്ഞാറെ ചിറയിൽ സന്ധ്യക്ക് ആറാട്ട് നടത്തി മൂന്ന് ആനകളോടെ ശ്രീ. പരയ്ക്കാട് മഹേശ്വരന്റെ നേതൃത്വത്തിൽ പഞ്ചവാദ്യത്തോടെ ക്ഷേത്രസന്നിധിയിൽ എത്തിയശേഷം ശ്രീ. ചേറൂർ രാജപ്പൻമാരാരുടെ നേതൃത്വത്തിൽ നൂറിൽപരം കലാകാരന്മാരുടെ പാണ്ടിമേളത്തോടെ ക്ഷേത്രത്തിൽ പ്രവേശിച്ച് ഏഴ് പ്രദക്ഷിണം ചെയ്ത് ഇറക്കി എഴുന്നള്ളിപ്പ് അവസാനിക്കുകയും, ആന കൊടിമരം ഇളക്കി മാറ്റുകയും ചെയ്യുന്നതോടെ ഈ വർഷത്തെ പൂരച്ചടങ്ങുകൾ അവസാനിക്കുന്നു.




**State Bank of India**

Paramekkavu Temple Branch, A/c. No. 57069787642, IFSC: SBIN0070166

Devaswom Mobile: 8304891773, Temple: 0487 2331373

www.paramekkavudevaswom.com E.Mail: paramekkavil@gmail.com

info@paramekkavudevaswom.com Mobile App: 'Paramekkavu'

Scan & Pay

# തിരുവമ്പാടി പൂരാഘോഷത്തിന്റെ ചടങ്ങുകൾ

06 - 05 - 2025 രാവിലെ 7.30ന് പുറത്തേക്ക് എഴുന്നള്ളിപ്പ്. ഷൊർണൂർ റോഡ്, നായ്ക്കനാൽ, റൗണ്ട് വഴി പഴയ നടക്കാവിലേയ്ക്ക് 3 ആന, നടപാണ്ടി സഹിതം 10.15 നോട് കൂടി മഠത്തിൽ ഇറക്കിപൂജ. രാവിലെ 11.30ന് പാണികൊട്ടി പഞ്ചവാദ്യം ആരംഭിക്കുന്നു. (മഠത്തിൽ വരവ്) 3 ആന. റൗണ്ട് എത്തിയാൽ 7 ആനകൾ (1.15ന് നായ്ക്കനാൽ വരെ പഞ്ചവാദ്യം).

നായ്ക്കനാലിൽ ഉച്ചതിരിഞ്ഞ് 3ന് എത്തുന്നതോടെ പഞ്ചവാദ്യം കഴിഞ്ഞ് മേളം ആരംഭിക്കുന്നു. 15 ആനകൾ ശ്രീമൂലസ്ഥാനത്ത് എത്തുന്നതോടെ പാണ്ടിമേളം, 4.45ന് അവസാനിക്കുന്നു. ആനകളും വാദ്യക്കാരും പടിഞ്ഞാറെ ഗോപുരം വഴി അകത്ത് പ്രവേശിച്ച് വൈകീട്ട് 5.10ന് ആനകൾ തെക്കേഗോപുരം ഇറങ്ങി നിരന്ന് നിൽക്കുന്നു. 5.30ന് കൂടിക്കാഴ്ച (ദൈവിക സദസ്സ്) കുടമാറ്റം നടക്കുന്നു. **6.30ന് കുടമാറ്റം** കഴിഞ്ഞ് തിരുവമ്പാടി ഭഗവതി എം.ഒ. റോഡിൽ കൂടി നീങ്ങി രാജാവിന്റെ പ്രതിമ വരെ പോയിതിരിച്ച് റൗണ്ടിൽ എത്തി 15 ആനകളുമായി നിരന്ന് നിൽക്കുന്നു. ശേഷം എഴുന്നള്ളിപ്പ് ആന തേക്കിൻകാട്ടിൽ കൂടി പഴയനടക്കാവ് വഴി ആരംഭത്തിൽ നിൽക്കുന്നതോടെ **ചിറക്കൽ കാണിപൂജ** നടത്തി മഠത്തിലേക്ക് ആനയിക്കുന്നു. 7.30ന് മഠത്തിൽ ഇറക്കി പൂജ. രാത്രി 11.30ന് മഠത്തിൽ നിന്ന് 3 ആന എഴുന്നള്ളിപ്പ് പഞ്ചവാദ്യത്തോടെ ആരംഭിക്കുന്നു. 07 - 05 - 2025 പുലർച്ചെ 2.30ന് നായ്ക്കനാൽ പന്തലിൽ എഴുന്നള്ളിപ്പ് അവസാനിക്കുന്നു. 3.00 - 6.00 പ്രധാനവെടിക്കെട്ട്. രാവിലെ 8.30ന് 15 ആനകളെ അണി നിരത്തി പാണ്ടിമേളത്തോടു കൂടി ശ്രീമൂലസ്ഥാനത്തേക്ക് പോകുന്നു. നായ്ക്കനാൽ മുതൽ ശ്രീമൂലസ്ഥാനം വരെ കുടമാറ്റവും ഉണ്ടായിരിക്കും. ഉച്ചയ്ക്ക് 12.30 - 1.00 സമാപനവെടിക്കെട്ട്. ശ്രീമൂലസ്ഥാനത്ത് 2 ഭഗവതിമാരും വിടചൊല്ലി തിരിച്ചുപോകുന്നു. വൈകീട്ട് 5ന് അമ്പലത്തിൽ ആറാട്ടിനുവേണ്ടി മഠത്തിലേക്ക് പുറപ്പെടുന്നു. വൈകീട്ട് 6.15ന് അമ്പലത്തിൽ മടങ്ങിയെത്തുന്നു. രാത്രി 8.00ന് ഉത്രം വിളക്ക് നടത്തി ഭക്തർ കൊടിയിറക്കുന്നതോടെ പൂരത്തിന്റെ പരിസമാപ്തി കുറിക്കുന്നു.

---

## പാറമേക്കാവ് - തിരുവമ്പാടി ദേവസ്വങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ 62-ാമത് പൂരം പ്രദർശനം

ഐ.എസ്.ആർ.ഒ., കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, ഫാം ഇൻഫോർമേഷൻ ബ്യൂറോ, ജില്ലാ വ്യവസായകേന്ദ്രം, ഗുരുവായൂർ ദേവസ്വം, കേരള സ്റ്റേറ്റ് എക്സൈസ്, കേരള പോലീസ്, വെറ്ററിനറി യൂണിവേഴ്സിറ്റി, കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്. മെഡിക്കൽ സ്റ്റാൾ: ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആന്റ് റിസർച്ച് സെന്റർ. സ്പെഷൽ സ്റ്റാൾ : റോബോട്ടിക് അനിമൽ ഷൊ & ഇലവേറ്റഡ് ഡോം തിയറ്റർ. ശ്രീരാമകൃഷ്ണ മഠം, മാതാ അമൃതാനന്ദമയീമഠം, സായി ദർശൻ, പ്രജാപിത ബ്രഹ്മകുമാരീസ്, കൊച്ചിൻ ദേവസ്വം ബോർഡ്, പെയിൻ & പാലിയേറ്റീവ് കെയർ, പ്രഭാത് ബുക്ക് ഹൗസ്, മാതൃഭൂമി, മലയാളമനോരമ, മാധ്യമം, മംഗളം, രാഷ്ട്രദീപിക തുടങ്ങി വിനോദവും, വിജ്ഞാനവും പകരുന്ന നിരവധി പവലിയനുകൾ.

**ഓഡിറ്റോറിയത്തിൽ എല്ലാ ദിവസവും കലാപരിപാടികൾ**

## തൃശ്ശൂർ പൂരം പ്രദർശന കമ്മിറ്റി ഭാരവാഹികൾ 2025




കെ. രവീന്ദ്രനാഥ്
പ്രസിഡണ്ട്






രവികുമാർ എം.
സെക്രട്ടറി



പ്രൊഫ. (ഡോ.) എം. ബാലഗോപാൽ
വൈ. പ്രസിഡണ്ട്



പ്രകാശ് പി.
വൈ. പ്രസിഡണ്ട്



ഉണ്ണികൃഷ്ണൻ മങ്ങാട്ട്
ജോ. സെക്രട്ടറി



കെ. ദിലീപ്കുമാർ
ട്രഷറർ

# പൂരത്തിന് മാറ്റ് കൂട്ടുന്നവർ

**മേളം - ഉരുട്ടു ചെണ്ട**

**ശ്രീ. കിഴക്കൂട്ട് അനിയൻമാരാർ**
ശ്രീ. പെരുവനം സതീശൻ
ശ്രീ. പഴുവിൽ രഘു
ശ്രീ. പാറമേക്കാവ് രാജപ്പൻ
ശ്രീ. പെരുവനം ശങ്കരനാരായണൻ
ശ്രീ. പരിയാരത്ത് രാജൻ
ശ്രീ. ഈച്ചരത്ത് ശശീന്ദ്രൻ
മുതൽപേർ

**വീക്കം**

ശ്രീ. പെരുവനം ഗോപാലൃഷ്ണൻ
ശ്രീ. കിഴക്കൂട്ട് കുട്ടൻ
ശ്രീ. ചാമപറമ്പിൽ സുകുമാരൻ
മുതൽപേർ

**കുഴൽ**

ശ്രീ. കീഴൂട്ട് നന്ദൻ
ശ്രീ. പഴോര് ശിവൻ
ശ്രീ. കൊമ്പത്ത് ചന്ദ്രൻ
മുതൽപേർ

**കൊമ്പ്**

ശ്രീ. മച്ചാട് രാമചന്ദ്രൻ
ശ്രീ. കിഴക്കുംപാട്ടുകര കുട്ടൻ
ശ്രീ. വരവൂർ രാമചന്ദ്രൻ
മുതൽപേർ

**ഇലത്താളം**

ശ്രീ. ചേർപ്പ് നന്ദനൻ
ശ്രീ. തോന്നൂർക്കര ശിവൻ
ശ്രീ. പരയ്ക്കാട് ബാബു
മുതൽപേർ

**പഞ്ചവാദ്യം - തിമില**

ശ്രീ. ചോറ്റാനിക്കര നന്ദപ്പൻ
ശ്രീ. രാമമംഗലം അജിത്ത്
ശ്രീ. കോങ്ങാട് രാധാകൃഷ്ണൻ
ശ്രീ. അയിലൂർ അനന്തനാരായണ ശർമ
ശ്രീ. അങ്ങാടിപ്പുറം ദേവൻ
ശ്രീ. പരയ്ക്കാട് മഹേശ്വരൻ
മുതൽപേർ

**മദ്ദളം**

ശ്രീ. കലാമണ്ഡലം കുട്ടി നാരായണൻ
ശ്രീ. പെരിങ്ങോട് ഉണ്ണികൃഷ്ണൻ
ശ്രീ. വടക്കുമ്പാട്ട് രാമൻകുട്ടി
മുതൽപേർ

**പഞ്ചവാദ്യം കൊമ്പ്**

ശ്രീ. മച്ചാട് രാമചന്ദ്രൻ
ശ്രീ. കിഴക്കുംപാട്ടുകര കുട്ടൻ
ശ്രീ. വരവൂർ രാമചന്ദ്രൻ
മുതൽ പേർ

**പഞ്ചവാദ്യം ഇലത്താളം**

ശ്രീ. പരയ്ക്കാട് ബാബു
ശ്രീ. കല്ലൂർ രഘു
ശ്രീ. മുണ്ടത്തിക്കോട് സന്തോഷ്
മുതൽ പേർ

**ഇടയ്ക്ക**

ശ്രീ. തിരുവില്വാമല ജയൻ
ശ്രീ. വിനു പരമേശ്വരൻ

**ശംഖ്**

ശ്രീ. മാക്കോത്ത് രാജൻ
ശ്രീ. പരയ്ക്കാട് വാസുദേവൻ

## തെക്കോട്ടിറക്കത്തിന് മാറ്റുകൂട്ടുന്നവർ

**ഉരുട്ടുചെണ്ട**

ശ്രീ. ചേറൂർ രാജപ്പൻ മാരാർ
ശ്രീ. കലാമണ്ഡലം ശിവദാസ്
മുതൽപേർ

**വലംതല**

ശ്രീ. പനമുക്ക് വേശപ്പൻ
മുതൽപേർ

**കുഴൽ**

ശ്രീ. കീനൂർ പ്രേമദാസ് മുതൽപേർ

**കൊമ്പ്**

ശ്രീ. കിഴക്കുംപാട്ടുകര കുട്ടൻ മുതൽപേർ

**താളം**

ശ്രീ. പാഞ്ഞാൾ സേതുമാധവൻ
മുതൽപേർ

**ഇലഞ്ഞിത്തറമേളം പന്തൽ**

**കുരുത്തോല അലങ്കാരം**

നവനീത് കുരുത്തോല അലങ്കാരം, ചേറൂർ

**ആനപ്പുറം**

ശ്രീ. ബാബു

**നാദസ്വരം**

*നാദസ്വരവിദ്വാൻ*
ശ്രീ. പാറമേക്കാവ് പി. സുധിൻ ശങ്കർ
ശ്രീ. സച്ചിൻ സുരേഷ്
*തകിൽ*
ശ്രീ. സുജേഷ് ശങ്കർ
ശ്രീ. ശ്രീജിത്ത് ശിവൻ
ശ്രീ. ശരത്
*താളം*
ശ്രീ. സുനാദ് ശങ്കർ
*ശ്രുതി*
ശ്രീ. സായന്ത്

**വെടിക്കെട്ട്**

ശ്രീ. ബിനോയ് ജേക്കബ്ബ്

**മണികണ്ഠനാൽ പന്തൽ & ഇലുമിനേഷൻ**

ശ്രീ. ബൈജു- നാദം പന്തൽ & ലൈറ്റ്സ്, എടപ്പാൾ

**ചെറുപന്തലുകൾ & തോരണം**

ശ്രീ. ഷോബി വർഗ്ഗീസ് മാളിയേക്കൽ

**ഗോപുരം, പത്തായപ്പുര ഇല്ല്യുമിനേഷൻ**

**കുടമാറ്റം ലൈറ്റ്**

ശ്രീ. സെബാസ്റ്റ്യൻ, ലിവ സൗണ്ട് & ഇലക്ട്രിക്കൽ

**തുന്നൽ പണി**

ശ്രീ. കെ.കെ. വസന്തൻ മുതൽപേർ

**മുക്ക് പണി**

ശ്രീ. ജോബി, ഡി.പി. ഗോൾഡ്, ഒല്ലൂർ

**അലുക്ക് പണി**

ശ്രീ. ജോബി കോലഴി
ശ്രീ. ജോബി മണ്ണുത്തി

**ഒറ്റൽപണി**

ശ്രീ. സ്മിതേഷ് ശശിധരൻ മുതൽ പേർ

**ആലവട്ടം, വെഞ്ചാമരം**

പ്രൊഫ. സി. മുരളീധരൻ, ചാത്തനാത്ത്

**ഇലക്ട്രോ പ്ലെയിറ്റിംഗ് - തലേക്കെട്ട്**

ബി.പി. ഗോൾഡ് ഇമിറ്റേഷൻ, ഒല്ലൂർ

**കോലത്തിന്മേൽ മാല വഴിപാട്**

**പകൽ** : ശ്രീ. സുനിൽ, രാഗം, തൃശൂർ
**രാത്രി** : ശ്രീ. രാഹുൽ എം. കുമാർ
എം.ഡി., ലൂമിനാർ ടെക്നോളജി
കാക്കനാട്

**കൊടിമരം പണി & ആശാരിപ്പണി**

ശ്രീ. ചെമ്പിൽ കുട്ടൻ, പറവട്ടാനി

**പന്തം**

ശ്രീ. ഭരതൻ, ഊരകം

**ആനപ്പട്ട**

ശ്രീ. രാജൻ തൃക്കടീരി

**ദേഹണ്ഡം**

ശ്രീ. സുരേഷ് അമ്പിസ്വാമി

